പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.2720

13/03/2020-ൽ
മറുപടി നൽകേണ്ടിയിരുന്നത്.

## സ്കൂളുകൾക്ക് സുരക്ഷിത കെട്ടിടം

| ചോദ്യം<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ | | അന്തിമ മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) സംസ്ഥാനത്തെ എല്ലാ സർക്കാർ സ്കൂളുകൾക്കും സുരക്ഷിതമായ കെട്ടിടങ്ങൾ ഉണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;<br><br>(ബി) അടുത്ത സ്കൂൾ വർഷം ആരംഭിക്കുന്നതിന് മുമ്പ് ഇക്കാര്യത്തിലുള്ള പരിശോധന നടത്തുന്നതിനും വയനാട്ടിൽ വിദ്യാർത്ഥി പാമ്പുകടിയേറ്റ് മരിച്ചതു പോലുള്ള ദൗർഭാഗ്യകരമായ സംഭവം ആവർത്തിക്കാതിരിക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ; | (എ) & (ബി) | എല്ലാ അദ്ധ്യയന വർഷാരംഭത്തിനും മുൻപായി സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർ സ്കൂൾ കെട്ടിടങ്ങളുടെ സുരക്ഷ നേരിട്ട് പരിശോധിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിവരുന്നു. പരിശോധനയിൽ സുരക്ഷിതമല്ലായെന്നു കാണുന്ന കെട്ടിടങ്ങൾക്ക് സർട്ടിഫിക്കറ്റ് നൽകുകയോ ആയതിൽ ക്ലാസ്സുകൾ നടത്തുവാൻ അനുവാദം നൽകുകയോ ചെയ്യുന്നില്ല. ഇത്തരം കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുവാൻ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുകയും ചെയ്തുവരുന്നു. പുതിയ സർക്കാർ സ്കൂൾ കെട്ടിടങ്ങൾക്ക് ആദ്യതവണ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ കുറയാത്ത ഉദ്യോഗസ്ഥനും പിന്നീടുള്ള വർഷങ്ങളിൽ അസിസ്റ്റന്റ് എഞ്ചിനീയറിൽ കുറയാത്ത ഉദ്യോഗസ്ഥനും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ കെട്ടിട നിർമ്മാണ ചട്ടങ്ങളനുസരിച്ചും കേരള വിദ്യാഭ്യാസ ചട്ടങ്ങളനുസരിച്ചും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകി വരുന്നു.<br>വയനാട്ടിൽ നടന്നതുപോലുള്ള ദൗർഭാഗ്യകരമായ സംഭവം ആവർത്തിക്കാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട എല്ലാവർക്കും താഴെപറയുന്ന നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.<br>1. സംസ്ഥാനത്തെ സ്കൂളുകളിലെ പാഴ് ചെടികളും പടർപ്പുകളും വെട്ടിമാറ്റി സ്കൂളും പരിസരവും വൃത്തിയാക്കി സൂക്ഷിക്കുക.<br>2. ക്ലാസ്സ് മുറികൾ, കോമ്പൗണ്ട് മതിലുകൾ, ടോയ്‌ലറ്റുകൾ തുടങ്ങിയ സ്ഥലങ്ങളിൽ ദ്വാരങ്ങളോ വിള്ളലുകളോ ഉണ്ടെങ്കിൽ അവ സിമന്റും മണലും ഉപയോഗിച്ച് അടച്ച് സുരക്ഷ ഉറപ്പ് വരുത്തുക. |

3. സ്കൂൾ പരിസരത്ത് ഉപയോഗശൂന്യമായ പാഴ്‌വസ്തുക്കൾ കൂട്ടിയിട്ടിട്ടുണ്ടെങ്കിൽ അവ ഉടനടി നീക്കം ചെയ്ത് പ്രദേശം വൃത്തിയാക്കുക.

4. ടോയ്‌ലറ്റുകളിൽ സ്വാഭാവിക വെളിച്ചം ഇല്ലെങ്കിൽ ലൈറ്റുകൾ സ്ഥാപിക്കുക.

5. വിദ്യാർത്ഥികൾക്ക് പാദരക്ഷകൾ ഉപയോഗിക്കുന്നതിനുള്ള വിലക്ക് ഒരു വിദ്യാലയത്തിലും ഒരു കാരണവശാലും ഉണ്ടാകാൻ പാടില്ല.

6. വിദ്യാർത്ഥികൾ പറയുന്ന അവരുടെ ചെറിയ അസ്വസ്ഥതകൾ പോലും വളരെ ശ്രദ്ധ നൽകി ജാഗ്രതയോടെ സത്വര നടപടി സ്വീകരിക്കേണ്ടതാണ്. ഇതിനായി ലഭ്യമാകുന്ന ഏത് വാഹനവും അടിയന്തര പ്രാധാന്യം നൽകി ഉപയോഗിക്കേണ്ടതാണ്.

7. അദ്ധ്യയന സമയം കഴിഞ്ഞാൽ ക്ലാസ് മുറികളുടെ വാതിലുകളും ജനലുകളും പൂട്ടി ഭദ്രമാക്കേണ്ടതാണ്.

8. സ്കൂളുകളുടെ വൃത്തിയുള്ള അവസ്ഥ തുടരുന്നതിന് ജനപ്രതിനിധികളുമായും തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുമായും കൂടിയാലോചിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

| | |
|---|---|
| (സി) നിലവിൽ ഏതെങ്കിലും ജില്ലയിൽ സർക്കാർ സ്കൂളുകൾ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ടോയെന്നും ഉണ്ടെങ്കിൽ എവിടെയെല്ലാമെന്നും അറിയിക്കാമോ; | (സി) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ സ്കൂളുകളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു |
| (ഡി) പ്രസ്തുത സ്കൂളുകൾക്ക് സ്വന്തമായ കെട്ടിടം നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഡി) വാടകയ്ക്ക് പ്രവർത്തിക്കുന്ന സ്കൂൾ കെട്ടിടങ്ങൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി സ്വന്തമായി സ്ഥലം ലഭ്യമാക്കേണ്ടതുണ്ട്. സ്വന്തമായി സ്ഥലമില്ലാത്തതോ സ്ഥലപരിമിതിയുള്ളതോ ആയ സർക്കാർ സ്കൂളുകൾക്ക് 2019-20-ലെ കേരള ബഡ്ജറ്റ് പ്രഖ്യാപന പ്രകാരം സ്ഥലം ലഭ്യമാക്കുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുന്നു |

Rein

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

## സംസ്ഥാനത്ത് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ സ്കൂളുകളുടെ ജില്ല തിരിച്ചുള്ള കണക്ക്.

### എറണാകുളം

1. ഗവൺമെന്റ് ഫിഷറീസ് സ്കൂൾ, പനമ്പുകാട്.
2. ഗവൺമെന്റ് യു.പി സ്കൂൾ ഇടമലയാർ.

### തൃശ്ശൂർ

1. ജി.എം.എൽ.പി.എസ് അണ്ടത്തോട്.
2. ജി.എൽ.പി.എസ് കുരഞ്ഞിയൂർ.
3. ജി.എം.എൽ.പി.എസ് വടക്കേക്കാട്.
4. ജി.എൽ.പി.എസ് ഇരുപുഴ.
5. ജി.എൽ.പി.എസ് കയ്പമംഗലം.
6. ജി.എൽ.പി.എസ് വെങ്കിടങ്ങ്.

### പാലക്കാട്

1. ജി.എൽ.പി.എസ് സീതർകുണ്ട്.
2. ജി.എൽ.പി.എസ് പുതുനഗരം (E).
3. ജി.എൽ.പി.എസ് കരിപോട്.
4. ജി.എം.എൽ.പി.എസ് വടവന്നൂർ.
5. ജി.എൽ.പി.എസ് വടവന്നൂർ.
6. ജി.എൽ.പി.എസ് പെരുവെമ്പ.
7. ജി.ജെ.ബി.എസ് പെരുവെമ്പ.
8. ജി.എൽ.പി.എസ് കോട്ടായി.
9. ജി.എൽ.പി.എസ് ചെങ്ങണിയൂർ.
10. ജി.എൽ.പി.എസ് വീശ്വാലം.
11. ജി.എൽ.പി.എസ് പുതുപരിയാരം.
12. ജി.എൽ.പി.എസ് കുന്നത്തൂർമേട്.
13. ജി.എൽ.പി.എസ് നെയ്ത്തുകാർ സ്ട്രീറ്റ്.
14. ജി.എൽ.പി.എസ് ഒലവക്കോട് നോർത്ത്.
15. ജി.എച്ച്.എസ് കുഴൽമന്ദം.

### മലപ്പുറം

1. ജി.എം.എൽ.പി ,അരീക്കോട്, പടിഞ്ഞാറ്.
2. ജി.എൽ.പി.എസ് നരിപ്പറമ്പ.
3. മാറവഞ്ചേരി ജി.എൽ.പി.എസ്.
4. മുട്ടൂർ ജി.ബി.എൽ.പി.എസ്.
5. ജി.എം.എൽ.പി.എസ് വടക്കുംമുറി.
6. ജി.എൽ.പി.എസ് വിളയിൽ.
7. ജി.എൽ.പി.എസ് നെടിയിരുപ്പ്.
8. ജി.എം.എൽ.പി.എസ് നെടിയിരുപ്പ്.

9. ജി.എം.എൽ.പി.എസ് കല്പകഞ്ചേരി.
10. ജി.എം.എൽ.പി.എസ് കാനൻചേരി.
11. ജി.എം.എൽ.പി.എസ് പാറപ്പുറം.
12. ജി.യു.പി.എസ് രണ്ടത്താണി.
13. ജി.എൽ.പി.എസ് പൂക്കോട്ടൂർ ന്യൂ.
14. ജി.എം.എൽ.പി മേൽമുറി സെൻട്രൽ.
15. ജി.എൽ.പി കോൽമണ്ണ.
16. ജി.എം.യു.പി മേൽമുറി.
17. ജി.യു.പി കോട്ടയ്ക്കൽ.
18. ജി.എൽ.പി.എസ് അരുകിഴയ.
19. ജി.എം.എൽ.പി.എസ് മഞ്ചേരി.
20. ജി.യു.പി.മങ്കട, പള്ളിപ്പുറം.
21. മുക്കട്ട, ജി.എൽ.പി.എസ്.
22. ജി.എൽ.പി.എസ് വെണ്ണിയൂർ.
23. ജി.എൽ.പി.എസ് കാഞ്ഞിരമുക്ക്.
24. ജി.യു.പി.എസ് ചെറുവായ്ക്കര.
25. ജി.എം.പി.എസ് തലകടത്തൂർ.
26. ജി.എൽ.പി.എസ് രായിരിമംഗലം.
27. ജി.എം.എൽ.പി ഇടക്കുളം.
28. ജി.എം.എൽ.പി.എസ് ചേരൂർ.
29. ജി.എം.എൽ.പി.എസ് ചെറുകുന്ന്.
30. ജി.എം.എൽ.പി.എസ് മംപുരം.
31. ജി.എം.യു.പി.എസ് കണ്ണമംഗലം.
32. ജി.എച്ച്.എസ് പൊൻമുണ്ടം.

**<u>കോഴിക്കോട്</u>**

1. ജി.എഫ്.എൽ.എസ് മാടക്കര.
2. ജി.എൽ.പി.എസ് കരിങ്കല്ലായി.
3. ജി.എൽ.പി.എസ് കോട്ടുമ്മൽ.
4. ജി.എം.യു.പി.എസ് ചേന്ദമംഗല്ലൂർ.
5. ജി.യു.പി.എസ് കിനാലൂർ.
6. ജി.എൽ.പി.എസ്സ് ബാലുശ്ശേരി.
7. ജി.എൽ.പി.എസ് പള്ളിയോത്ത്.
8. ജി.എൽ.പി.എസ് ഉള്ള്യേരി.
9. ജി.എം.എൽ.പി.എസ് ഉണ്ണിക്കുളം.
10. ജി.യു.പി.എസ് കന്നൂർ.
11. ജി.ഡബ്ല്യൂ.എൽ.പി.എസ് കൊളക്കാട്.
12. ജി.എം.എച്ച്.എസ് രാരോത്ത്.

**കണ്ണൂർ**

1. കതിരൂർ ജി.യു.പി.എസ് .
2. ജി.യു.പി.എസ് കരിയാട്.
3. ജി.എൽ.പി.എസ് പട്ടുവം.
4. ജി.എൽ.പി.എസ്, ചൊവ്വ.
5. ജി.യു.പി.എസ് ദേവത്താർകണ്ടി.
6. ജി.യു.പി.എസ് മൊകേരി (പാർട്ട്).
7. ജി.എൽ.പി.എസ്.കൊളവല്ലൂർ.
8. ജി.എൽ.പി.എസ് പുത്തൂർ.
9. ജി.എം.യു.പി.എസ് മാടായി.
10. ജി.എം.എൽ.പി.എസ് മാട്ടൂൽ.
11. ജി.എം.എൽ.പി.എസ് മടക്കര.
12. ജി.എൽ.പി.എസ് കുഞ്ഞിമംഗലം.
13. ജി.എം.എൽ.പി.എസ് കുഞ്ഞിമംഗലം.
14. ജി.എം.യു.പി.എസ് തെക്കുമ്പാട്.
15. ജി.എം.യു.പി.എസ് രാമന്തളി.
16. ജി.യു.പി.എസ് പാലക്കോട്.
17. ജി.എം.എൽ.പി.എസ് പാലക്കോട്.
18. ജി.എം.എൽ.പി.എസ് വെള്ളൂർ.
19. ജി.എം.എൽ.പി.എസ് അഴീക്കോട്.
20. ജി.യു.പി.എസ് പുഴാതി.
21. ജി.എം.എൽ.പി.എസ് പാപ്പിനിശ്ശേരി.
22. ജി.എം.എൽ.പി.എസ് ചാലാട്.

**കാസറഗോഡ്**

1. ജി.എൽ.പി.എസ് കളനാട് ഓൾഡ്.
2. ജി.യു.പി.എസ് പടന്ന.
3. ജി.എം.എൽ.പി.എസ് ഉദ്യാവാർ തോട്ട.
4. ജി.എഫ്.യു.പി.എസ് കോട്ടിക്കുളം.

Reena

**സെക്ഷൻ ഓഫീസർ**